# വായ


## ചുണ്ടുകൾ, പല്ലുകൾ, നാവ് തുടങ്ങിയവയിലെ സ്ത്രീ- പുരുഷ വ്യത്യാസങ്ങളും അവയെ കുറിച്ചുള്ള വിശ്വാസങ്ങളും അലങ്കാരങ്ങളുടെ ചരിത്രവും

■ ഡോ. ഡെസ്മണ്ട് മോറിസ് / പരിഭാഷ: കെ. കുഞ്ഞികൃഷ്ണൻ

മനുഷ്യരുടെ ചുണ്ടുകൾ സവിശേഷമാണ്. മറ്റ് പ്രൈമേറ്റുകളുടെ ചുണ്ടുകൾ നേർത്തതാണ്. മനുഷ്യരുടേത് താരതമ്യേന തടിച്ചതും മാംസളവുമാണ്. ചെറിയ വാനരഭ്രൂണങ്ങളുടെ വായയുടെ അകം പുറത്തേക്ക് മറിച്ച അവസ്ഥയിലുള്ള ചുണ്ടുകൾ അതേപടി നാം നിലനിർത്തി. വാനരന്മാരിൽ, ജനിക്കുമ്പോൾ അവ അപ്രത്യക്ഷമാകുന്നു; മനുഷ്യരിൽ അങ്ങനെ സംഭവിക്കുന്നില്ല. നമ്മുടെ ചുണ്ടുകൾ ജീവിതകാലം മുഴുവൻ അങ്ങനെതന്നെ നിൽക്കും. സ്ത്രീകളിലാണ് ഈ അവസ്ഥ കൂടുതൽ പ്രകടമായിട്ടുള്ളത്. ചുറ്റുമുള്ള മാംസത്തേക്കാൾ ചുവന്ന നിറമാണ് ചുണ്ടുകൾക്ക്.

പുറത്തേക്ക് മറിഞ്ഞ, മലർന്ന ചുണ്ടുകൾ ആണുങ്ങൾക്ക് ശൈശവാവസ്ഥയിൽ അമ്മയുടെ ഉരുണ്ട മുലകൾ വലിച്ചുകുടിക്കുന്നതിന് സഹായകമാണ്. മുതിരുമ്പോൾ, ലൈംഗികസമ്പർക്കസമയങ്ങളിലും ചുംബിക്കുന്നതുപോലുള്ള സമയങ്ങളിലും ഇത്തരം ചുണ്ടുകൾ പ്രയോജനപ്രദമാണ്. പെൺചുണ്ടുകൾ ആണുങ്ങളുടേതിനേക്കാൾ വീതിയുള്ളതും മാംസളവും ചുവന്നതുമാണ്; പെണ്ണുങ്ങളുടെ ചുണ്ടുകൾക്ക് അതിശയോക്തികരമായ വ്യത്യാസം വന്ന് അതിസ്ത്രൈണതയുള്ള ചുണ്ടുകളുണ്ടായി. ആണുങ്ങൾ പൊതുവെ ചുണ്ടുകൾ വികസിപ്പിച്ച് അലങ്കരിക്കുന്നതിൽ വൈമനസ്യം കാണിക്കുന്നവരാണ്; കാരണം അത് അവരുടെ രൂപത്തിന് സ്ത്രൈണത സൂചിപ്പിക്കും. അതിനാൽ അതിനെപ്പറ്റി പ്രതിപാദിക്കാൻ അധികമില്ല.

ആൺചുണ്ടുകളിൽ സൗന്ദര്യവർദ്ധകവസ്തുക്കളണിയിച്ച് പൗരുഷം കൂട്ടാനുള്ള ധീരമായ ശ്രമങ്ങൾ നടന്നുവെങ്കിലും, അവ കാര്യമായ വിജയം നേടിയില്ല. ഒരു കമ്പനി സുഗന്ധതൈലങ്ങളും പരിമളവുമുള്ള ആൺലിപ്സ്റ്റിക്ക് വിപണിയിലിറക്കി. ഭാവമേന്മയ്ക്കും വിഷാദത്തിനുമെതിരെ വർത്തിക്കുന്നതെന്നായിരുന്നു പ്രാഥമികമായ ലക്ഷ്യം; പക്ഷേ, അത് ലൈംഗികോത്തേജകശേഷിയുള്ളതാണെന്നും കണ്ടെത്തി. മുല്ലയുടേയും പനിനീരിന്റേയും പരിമളം കൂട്ടിച്ചേർത്ത അത് ഇപ്പോൾ അഭിനിവേശസംബന്ധിയായാണ് കരുതപ്പെടുന്നത്. അത് ധരിച്ച



ആണുങ്ങളുടെ പെൺപങ്കാളികൾക്ക് ഒരു മാറ്റമെന്ന നിലയിൽ മദ്യത്തിന് പകരം അനുഭവപ്പെടുന്ന മണം പൂക്കളുടെ സുഗന്ധമാണ്. ആൺലിപ്സ്റ്റിക്കിന്റെ സ്വീകാര്യത കൂടുതലാവുന്നതിന്റെ കാരണം അത് സുതാര്യമാണെന്നും ചുണ്ടുകളെ ചുവപ്പിക്കുന്നില്ലെന്നതുമാണ്.

അതിതീവ്രമായ ചുണ്ടലങ്കാരങ്ങൾ നിലവിലുണ്ടെങ്കിലും അവ സാധാരണമല്ല; ചുണ്ടുകളുടെ സംവേദനക്ഷമതയാവാം കാരണം. കഠിനമായ വേദന സഹിച്ചും, അല്ലെങ്കിൽ അത് നിമിത്തമോ ചിലർ കീഴ്ചുണ്ടുകൾക്കുള്ളിൽ വാക്കുകളോ ചിത്രങ്ങളോ പച്ചകുത്തിയിട്ടുണ്ട്. സാധാരണയായി ഈ അടയാളങ്ങൾ കാണാൻ കഴിയുകയില്ല. കീഴ്ചുണ്ടുകൾ പുറത്തേക്ക് വലിച്ച് താഴ്ത്തിയാലേ അവ കാണാൻ കഴിയൂ. ലഘുവാക്കുകളാണ് സാധാരണ തെരഞ്ഞെടുക്കുന്നത്. ഒരാളുടെ ചുണ്ടിൽ അവ സാധാരണ കാണാൻ കഴിയില്ല. കീഴ്ചുണ്ട് മലർത്തി കീഴ്പ്പോട്ടാക്കുമ്പോഴാണ് അവ കാണാനാവുന്നത്. ഒരാൾ കീഴ്ചുണ്ടിൽ പച്ചകുത്തിയത് പെയ്ൻ (വേദന) എന്നാണ്. മറ്റൊരാൾ ഹർലി എന്നും വേറൊരാൾ റോക്ക്-എൻ-റോൾ എന്നും കുത്തിയിരിക്കുന്നു.

ഒരാൾ ചുണ്ടുകൾ തുളച്ച് ലോഹമൊട്ടുകളിടുകയും ചെയ്തിരിക്കുന്നു. അയാളാണ് തന്റെ വിചിത്രമായ കീഴ്ചുണ്ടിനുള്ളിൽ വേദന എന്ന് പച്ചകുത്തിയിരിക്കുന്നത്. വേറൊരു യുവാവ് കപാലത്തിന്റെ കുറുകെ രണ്ടസ്ഥിരൂപങ്ങളും പച്ചകുത്തിയിരിക്കുന്നു. ഭാവനാസമ്പന്നനായ മറ്റൊരാൾ രണ്ട് പെൺമുലകളുടെ പ്രതിരൂപമാണ് പച്ചകുത്തിയത്. ഈ അലങ്കാരങ്ങളുടെ കൃത്യമായ വശ്യതയെന്താണെന്ന് വ്യക്തമല്ല. കഠിനമായ വേദന സഹിക്കാനുള്ള കഴിവും കിറുക്കന്മാരായ കൂട്ടുകാരുടെ മുന്നിൽ സാമാന്യം വിചിത്രമായ രൂപങ്ങൾ കാണിക്കുന്നതിനുള്ള പ്രകടനവുമായി അത് കണക്കാക്കാം. ഒരുപക്ഷേ, അവർക്ക് അത് മതിയാവും.

സാധാരണയായി ചുണ്ടിൽ വലിയ വലയരൂപത്തിലുള്ള ആഭരണങ്ങൾ ധരിക്കുന്നത് ഗോത്രസ്ത്രീകളാണ്. പക്ഷേ, തെക്കെ അമേരിക്കയിലെ ഗോത്രസമൂഹങ്ങളിൽ, പ്രത്യേകിച്ചും ആമസോൺമേഖലയിൽ, ആണുങ്ങളാണ് അവ ധരിക്കുന്നത്. തങ്ങളുടെ പദവി പ്രകടിപ്പിക്കാൻ അവർ ചുണ്ടാഭരണങ്ങളണിയുകയും, ഓരോ കൊല്ലവും അതിന്റെ വലിപ്പം കൂട്ടുകയും ചെയ്യുന്നു, പദവിയുടെ ഔന്നത്യം കാണിക്കാൻ. ഇപ്പോഴത്തെ അർജന്റീനയിലുണ്ടായിരുന്ന, വംശനാശം സംഭവിച്ച ആബിപോൺ എന്ന ഗോത്രത്തിലെ പുരുഷന്മാർ കീഴ്ചുണ്ടിൽ പ്രത്യേകം അലംകൃതമായ ചിറിയാഭരണം ധരിച്ചു. മരംകൊണ്ടുണ്ടാക്കിയ വലയങ്ങൾക്ക് വെള്ളികൊണ്ടോ പിച്ചളകൊണ്ടോ ആവരണമിട്ടു.



## ചിറിയാഭരണങ്ങളുടെ ചരിത്രം

ചുണ്ട് തുളച്ച് ആഭരണങ്ങൾ ധരിക്കുന്ന സമ്പ്രദായം, അമേരിക്കൻ ഗോത്രവർഗക്കാരിൽ ചുരുങ്ങിയത് 3500 കൊല്ലം മുൻപേ നിലവിലുണ്ടായിരുന്നു. ഇത് കാര്യകാരണസഹിതം ഉറപ്പിച്ച് പറയാൻ കഴിയും. ശവശരീരങ്ങൾ അടക്കം ചെയ്തുകഴിഞ്ഞാൽ, കുറേനാളുകൾ കഴിഞ്ഞാൽ മാംസളഭാഗങ്ങൾ ചീഞ്ഞളിഞ്ഞ് നശിച്ചുപോകും; പക്ഷേ, അവർ അണിഞ്ഞിരുന്ന ലോഹമൊട്ടുകളോ ആഭരണങ്ങളോ വേർപെട്ട്, പല്ലുകളോടൊട്ടി ബാക്കിപത്രമായി നിലനിൽക്കും. പുരാതന ശ്മശാനങ്ങളിലെ കപാലങ്ങൾ പരിശോധിക്കുമ്പോൾ താഴത്തെ ഉളിപ്പല്ലുകളോടൊട്ടിനിൽക്കുന്ന ലോഹവസ്തുക്കൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ അസ്ഥികൂടങ്ങളുടെ ലിംഗനിർണയവും സാധിച്ചിരുന്നു: ഏറ്റവും ചുരുങ്ങിയത് 1500 കൊല്ലങ്ങൾക്ക് മുൻപുവരെ ഗോത്രവർഗ പുരുഷന്മാർ ചുണ്ടുവളയങ്ങൾ ധരിച്ചിരുന്നുവെന്നും, അവ എണ്ണത്തിൽ പരിമിതമായിരുന്നതിനാൽ, അവ ഉയർന്ന പദവിയിലുള്ള പുരുഷന്മാരുടേതായിരുന്നുവെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പിന്നീട് മദ്ധ്യഅമേരിക്കയിലെ അസ്ടെക്, മയൻ ഗോത്രങ്ങളിൽ പെടുന്നവരിൽ ചുണ്ടുവലയങ്ങൾ ധരിച്ചവരെല്ലാം ഉയർന്ന പദവിയിലുള്ള പുരുഷന്മാരായിരുന്നു. അവരുടെ ചിറിയാഭരണങ്ങൾ ഏറ്റവും മികച്ച ഗുണമേന്മയുള്ളവയായിരുന്നു. മിക്കവയും ശുദ്ധ സ്വർണനിർമ്മിതവും രത്നക്കല്ലുകൾ പതിച്ചതും.

ചുണ്ടുകളിൽക്കൂടി പുരുഷവായയിലേക്ക് കടക്കുമ്പോൾ കാണുന്നത് മുപ്പത്തിരണ്ട് പല്ലുകളാണ്: മദ്ധ്യത്തിൽ എട്ട് ഉളിപ്പല്ലുകളും, നാല് നായ്പല്ലുകളും, എട്ട് മുന്നണപ്പല്ലുകളും, പന്ത്രണ്ട് അണപ്പല്ലുകളും. ശരാശരി ആണുങ്ങളുടെ താടിയെല്ലുകൾ പെണ്ണുങ്ങളുടേതിനേക്കാൾ അല്പം വലുതാണ്; അതിനാൽ പല്ലുകൾക്കും അല്പം വലി

പ്പക്കൂടുതലുണ്ട്. ദൃഢമായ, തിളങ്ങുന്ന വെളുത്ത പല്ലുകൾ ഇപ്പോഴത്തെ പുരുഷന്മാരുടെ സെക്സ് അപ്പീലിന്റെ അവശ്യഘടകമായി കരുതപ്പെടുന്നു.


സ്ത്രീകളിൽ ആകർഷകത്വമുളവാക്കാൻ തനിക്ക് ദന്തവൈദ്യന്മാരുടെ സഹായം ആവശ്യമില്ലെന്ന ധാർഷ്ട്യക്കാരായ ഇപ്പോഴത്തെ ചെറുപ്പക്കാരുടെ അവകാശവാദത്തിന് ആധുനിക ദന്തവൈദ്യത്തിൽ ഒഴികഴിവുകളില്ല. സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്, ദന്തരോഗനിവാരണാർത്ഥം ആണുങ്ങൾ ദന്തവൈദ്യന്മാരെ സമീപിക്കാൻ വിമുഖരാണെന്നാണ്. ആണുങ്ങളായതുകൊണ്ടുമാത്രം അപൂർവമായി രോഗനിവാരണത്തിന് ദന്തപരിശോധന നടത്താത്തതാണ് ഏറ്റവും സാധാരണമായതെന്ന് ഒരു സമീപകാല ദന്താവലോകനം വ്യക്തമാക്കുന്നു. ഇടയ്ക്കിടെയുള്ള ദന്തപരിശോധനയ്ക്കായി സ്ത്രീകളാണ് കൂടുതലായി പോകാൻ സാദ്ധ്യത. എന്തെങ്കിലും കാര്യമായ പ്രശ്നങ്ങളുണ്ടെങ്കിലേ പുരുഷന്മാർ ദന്തഡോക്ടർമാരുടെയടുത്ത് പോകാനൊരുങ്ങൂ.

ഈ ആൺവാശി നിമിത്തം ഒരാൾ റിട്ടയർ ചെയ്യുമ്പോഴത്തേക്കും അയാൾക്ക് അഞ്ചാറ് പല്ലുകൾ നഷ്ടപ്പെട്ടിരിക്കും. പുകവലിക്കാരനാണെങ്കിൽ സംഖ്യ പന്ത്രണ്ടാവും. മാത്രവുമല്ല, വദനാർബുദബാധയ്ക്ക് കൂടുതൽ സാദ്ധ്യത ആണുങ്ങൾക്കാണ്. 'വ്യക്തിപരമായ ആരോഗ്യസംരക്ഷണത്തെക്കുറിച്ച് ഇത്രയധികം ബഹളം കൂട്ടുന്നത് ഒരു സ്ത്രൈണലക്ഷണമാണ്. സ്ത്രീകൾ ഇഷ്ടപ്പെടുന്നത് പരുക്കന്മാരും പ്രാപ്തരുമായ പുരുഷന്മാരെയാണ്; ചമഞ്ഞണിഞ്ഞവരും നിസ്സാരകാര്യങ്ങളിൽ ബഹളം കൂട്ടുന്നവരെയും അല്ല', എന്ന പുരുഷമന:സ്ഥിതിയാണിത് വ്യക്തമാക്കുന്നത്. പക്ഷേ, യാഥാർത്ഥ്യം ഇങ്ങനെയല്ല. ചുരുട്ട് പുകയുടേയും വായ്നാറ്റത്തിന്റേയും മണം സ്ത്രീകൾ സഹിച്ചേക്കും; പക്ഷേ, രഹസ്യമായി അവർ ഈ ആൺവീമ്പ് വെറുക്കും. മിന്നസോട്ടയിലെ അലക്സാൻഡ്രിയയിൽ, ഭർത്താവിന് വെള്ളുള്ളിയുടേയോ, ഉള്ളിയുടേയോ, മത്തിയുടേയോ മണമുണ്ടെങ്കിൽ ഭാര്യയുമായി ലൈംഗികബന്ധത്തിലേർപ്പെടുന്നത് നിയമവിരുദ്ധമാണ്; ലൈംഗികവേഴ്ചയ്ക്കുമുമ്പ് പല്ല് തേച്ച് വൃത്തിയാക്കാൻ ഭാര്യയ്ക്ക് നിയമപരമായി ഭർത്താവിനോടവകാശപ്പെടാം.

## പുകവലിക്കുന്നതിന് പിന്നിൽ

നൂറ്റാണ്ടുകളായി, പുരുഷന്മാർ വായ ദുരുപയോഗപ്പെടുത്തുന്നത് ചുരുട്ട് വലിക്കുകയോ, പുകയില കുത്തിനിറച്ച പൈപ്പ് വലിക്കുകയോ ചെയ്തിട്ടാണ്. ഇപ്പോൾ ഈ സ്വഭാവം കുറഞ്ഞുവരികയാണ്. ചുരുട്ടിലും പൈപ്പിലും ഉപയോഗിക്കുന്ന പുകയിലയ്ക്ക് രൂക്ഷമായ മണമുണ്ട്; അതുപയോഗിക്കുന്നവരുടെ ശ്വാസത്തിന്റെ മണവും രൂക്ഷമാണ്. ബഹുഭൂരിപക്ഷം സ്ത്രീകളും ഈ പുകവലി ഒഴിവാക്കുന്നവരാണ്.

1970-കളിൽ മുപ്പതിനാല് ശതമാനം പുരുഷന്മാർ ചുരുട്ടും, പതിനാല് ശതമാനം പൈപ്പും വലിക്കുന്നവരായിരുന്നു. ഇപ്പോൾ അത് യഥാക്രമം നാലും ഒന്നും ശതമാനമായി കുറഞ്ഞിട്ടുണ്ട്. പുകവലിയും അർബുദരോഗബാധയും തമ്മിലുള്ള ബന്ധം പ്രചരിച്ചതാണ് ഈ കുറവിന്റെ കാരണം. മുതിർന്ന പുരുഷൻ എന്തിനിങ്ങനെ മണമുണ്ടാക്കുന്ന ചുരുട്ടുകുറ്റി വായിലിടുന്നുവെന്നും, പൈപ്പിന്റെ അറ്റം



ഐൻസ്റ്റീൻ

വായിലിട്ട് പതുക്കെ തള്ളുന്നുവെന്നതിന്റെയും ഉത്തരം കൗതുകകരമാണ്. ശൈശവകാലത്തെ മുലകുടിയുമായി ബന്ധപ്പെട്ടതാണത്.

കൂടുതലായി സുഖം വേണമെന്ന് തോന്നുമ്പോൾ, അമ്മയുടെ മുലക്കണ്ണ് വലിക്കാൻ കിട്ടുന്നില്ലെങ്കിൽ, ശിശുക്കൾ സ്വന്തം പെരുവിരൽ വായിലിട്ട് വലിക്കും. മുലക്കണ്ണിന് പകരമുള്ള വിരൽകുടി അവർക്ക് സാന്ത്വനമേകും. അതിനാൽ ചിലപ്പോൾ അവർക്ക് പ്രത്യേകം ആവിഷ്കരിച്ച പകരവസ്തുക്കൾ നൽകുന്നു, ആശ്വാസത്തിനായി. ചുരുട്ട് കടിക്കലും, പൈപ്പിന്റെ തണ്ട് വലിക്കലും മുതിർന്നവർക്ക് വിരൽകുടിക്കുന്നതിന്റെ പകരമുള്ളതാണ്. ഈ വദനസുഖകാരികൾക്ക് ഇളംചൂടും കൂടിയുള്ളതിനാൽ, അവ മുമ്പെങ്ങോ നഷ്ടമായ അമ്മയുടെ മുലപ്പാൽ വലിച്ചുകുടിക്കുന്നതിന്റെ സുഖാനുഭൂതി നൽകുന്നു. സിഗരറ്റ് വലിക്കുന്നതിനേക്കാളും കൂടുതലുള്ള പ്രശമനഫലമാണ് ഇവ നൽകുന്നത്. വളരെ നേർത്തതായതിനാൽ സിഗരറ്റിന് മുലക്കണ്ണിന് പകരമാവാൻ കഴിയില്ല.

മഹാന്മാരായ പല ചിന്തകരും നേതാക്കന്മാരും, ഐൻസ്റ്റീനും ചർച്ചിലുമടക്കം, പതിവായി ചുരുട്ട്, പൈപ്പ് വലികൾക്കടിമകളായിരുന്നു. അവ മനനസഹായികളാണെന്നായിരുന്നു അവരുടെ അവകാശവാദം. പുക ഉള്ളിലേക്ക് വലിച്ചെടുക്കാതിരുന്നതിനാൽ, അവർക്ക് ശ്വാസകോശാർബുദബാധയ്ക്കുള്ള സാധ്യത വളരെ കുറവായിരുന്നു. ഉദാഹരണത്തിന് ഒരു സിഗരറ്റ് വലിക്കാരന് പൈപ്പ് വലിക്കുന്നയാളേക്കാൾ ശ്വാസകോശാർബുദബാധ നാനൂറ് ശതമാനം കൂടുതലാണ്. പക്ഷേ, അവരെ ബാധിക്കുന്ന മൂന്ന് കാര്യങ്ങൾ ഉണ്ടായിരുന്നു. വായിലെ അർബുദം, അവരുടെ പുകച്ചുരുളേറ്റ് ചുറ്റും നിൽക്കുന്നവരുടെ ആകുലത, കഠിനമായ മണം.

തങ്ങളുടെ വായയുടെ ഒഴിയാബാധയായ പൈപ്പ് വലിക്കുന്നതിനെക്കുറിച്ച് അവർ കൗതുകകരമായ പ്രത്യുത്തരം നൽകാറുണ്ട്: "പൈപ്പ് വലിക്കുന്നത് ചിന്താശീലം പ്രോത്സാഹിപ്പിക്കുന്നു; കാര്യങ്ങൾ സാവധാനത്തിൽ ആലോചിക്കാനുള്ള സാഹചര്യമൊരുക്കുന്നു."

ചില ലോകനേതാക്കന്മാർ പൈപ്പ് വലിക്കുന്നവരായിരുന്നെങ്കിൽ, ലോകത്തിന്റെ ഗതി മറ്റൊന്നായേനെ... ഹിറ്റ്ലർ പൈപ്പ് വലിച്ചിരുന്നെങ്കിൽ കലാകാരനായി തുടർന്നേനെ. രാഷ്ട്രീയത്തിൽ പ്രവേശിക്കുമായിരുന്നില്ല. പൈപ്പ് വലിയുടെ ഇത്തരം സാന്ത്വനഫലങ്ങൾ യഥാർത്ഥമാണെങ്കിൽ, എല്ലാതരം പുകവലിയും നിരോധിക്കാനുള്ള ഇപ്പോഴത്തെ പ്രവണതയ്ക്ക് നമുക്ക് പിന്നീടൊരിക്കലും പശ്ചാത്തപിക്കേണ്ടിവരാത്ത നേതാക്കന്മാരെ കിട്ടുമായിരുന്നല്ലൊ!

കരുതിക്കൂട്ടി ആൺപല്ലുകൾ രൂപാന്തരപ്പെടുത്തുന്നത് സാധാരണമല്ലെങ്കിലും ഇല്ലാതില്ല. ചില ഗോത്രങ്ങളിൽ, നടുവിലെ ഉളിപ്പല്ലുകൾ (നായ്പല്ലുകൾ)ക്ക് ക്രൗര്യം തോന്നിക്കാൻ നീക്കം ചെയ്തിരുന്നു. മറ്റ് ചില ഗോത്രങ്ങളിൽ, മുൻനിരയിലെ പല്ലുകൾ രാകി മൂർച്ച കൂട്ടിയിരുന്നു; വായ് പിളർക്കുമ്പോൾ ക്രൂരത തോന്നിക്കാനും ഭീഷണിപ്പെടുത്താനും. പല്ലുകൾക്ക് കൂടുതൽ മോടി പിടിപ്പിക്കാൻ, പല്ലുകൾ രത്നങ്ങളെക്കൊണ്ടും ലോഹങ്ങളെക്കൊണ്ടും അലങ്കരിച്ചിരുന്നു. പല്ലുകളിൽ ചെറിയ ദ്വാരങ്ങളുണ്ടാക്കി അവയിൽ ഇവ പതിപ്പിച്ചാണ് ഈ അലങ്കാരങ്ങൾ ചെയ്തിരുന്നത്.

മനുഷ്യഗോത്രങ്ങൾ എത്രകൊല്ലംമുൻപ് ഈ ദന്താലങ്കാരങ്ങൾ ചെയ്തുതുടങ്ങിയെന്നറിഞ്ഞുകൂടാ. പാകിസ്ഥാനിൽ 9000 കൊല്ലങ്ങൾക്കുമുമ്പുതന്നെ പല്ലുകളിൽ മികച്ച ദ്വാരങ്ങളുണ്ടാക്കുന്ന പ്രാകൃത ദന്തവൈദ്യന്മാരുണ്ടായിരുന്നുവെന്ന് സമീപകാലത്ത് കണ്ടുപിടിച്ചിട്ടുണ്ട്. പക്ഷേ, എന്തുകൊണ്ടാണ് ദ്വാരങ്ങൾ നിറച്ചത്, സൗന്ദര്യത്തിനാണോ രോഗനിവാരണത്തിനാണോ എന്നറിയാൻ കഴിഞ്ഞിട്ടില്ല.

ആധുനികകാലത്ത് പല്ല് വജ്രങ്ങളോ സ്വർണമോകൊണ്ട് കെട്ടിച്ച് ആഡംബരപ്രദർശനം നടത്തുന്നത് ചില അമേരിക്കൻ ഉപസംസ്കാരങ്ങളിൽ പ്രചാരത്തിലുണ്ട്: വർണപ്പകിട്ടുള്ള ആദ്യകാല ജാസ് ഗായകർതൊട്ട് അത്യാധുനിക ഗാങ്സ്റ്റ റാപ്പർമാർ വരെ അത് ചെയ്യുന്നുണ്ട്. 1941-ൽ അന്തരിച്ച പ്രസിദ്ധ ജാസ് പിയാനോ വായനക്കാരൻ റോൾ മോർട്ടൺ തന്റെ മുൻവരിപ്പല്ലുകൾ ഒരൊറ്റ വജ്രംകൊണ്ട്



കെട്ടിച്ചത് ഘോഷിക്കാറുണ്ടായിരുന്നു. നിർഭാഗ്യവശാൽ 1930-കളിലെ സാമ്പത്തികമാന്ദ്യകാലത്ത് അദ്ദേഹത്തിനത് വിൽക്കേണ്ടിവന്നു. പക്ഷേ, അദ്ദേഹം തുടങ്ങിവെച്ച പ്രവണത ഇപ്പോൾ അതിന്റെ മൂർദ്ധന്യാവസ്ഥയിലാണ്. ആധുനിക റാപ്സംഗീതസംസ്കാരം ദന്താഭരണങ്ങൾകൊണ്ട് നിറഞ്ഞതാണ്.

പൊതുവെ മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള റാപ്സംഗീതത്തിന്റെ ഗീതങ്ങളിൽ നെല്ലി എന്ന കലാകാരൻ രചിച്ച 'ഗ്രിൽസ്' എന്നൊന്നുണ്ട്. ആണുങ്ങളുടെ പുതിയ വദനാലങ്കാരബാധയെക്കുറിച്ചാണത്. എഴുതിയത് നെല്ലി എന്ന പുരുഷനും ഗ്രിൽസിന്റെ അർത്ഥം വദനാഭരണം എന്നുമാണ്. "ആഭരണക്കടയിൽനിന്ന് മോഷ്ടിക്കുക, എനിക്കൊരു ഗ്രിൽ ഉണ്ടാക്കിച്ചുതരാൻ പറയുക, കീഴ്പല്ലുകൾ മുഴുവൻ വജ്രംകൊണ്ടും മേൽപല്ലുകൾ പൊന്നുകൊണ്ടും കെട്ടുക" എന്നാണയാൾ പാടുന്നത്. അയാളത് പദാനുപദം വിശദീകരിക്കുന്നു: "വായ് എവിടെയാണോ അവിടെയാണ് ഞാൻ പണം വെച്ചിരിക്കുന്നത്. ഞാനൊരു ഗ്രിൽ വാങ്ങി/20 കാരറ്റ്, 30 കൂമ്പാരം. ഞാൻ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നതവരറിയട്ടെ." അദ്ദേഹം അവസാനിപ്പിക്കുന്നത്, "എന്റെ പ്രചോദനം മുപ്പത് സൂചനകളിൽ നിന്നാണ്; വിവിഎസ്. എന്റെ വായിലെ സാധനങ്ങൾ ലളിതമായി എന്റെ വിജയം സൂചിപ്പിക്കുന്നു." മറ്റൊരു വിധത്തിൽ പറഞ്ഞാൽ പല്ലുകളിൽ വജ്രം കെട്ടുന്നതിനുള്ള പ്രചോദനം തന്റെ സമ്പത്ത് പ്രകടിപ്പിക്കാനാണ്.

ഇത്തരം ആഡംബരപ്രകടനത്തിന് ഒരു പ്രധാനകാരണമുണ്ട്; അത് കളവ് പോകാതിരിക്കാനുള്ള സാദ്ധ്യതയാണ്. ഒരു പതക്കമോ വളയോ വിലകൂടിയ റിസ്റ്റ് വാച്ചോ ധരിച്ചാൽ കട്ടുപോയേക്കാം. വിവിഎസ് എന്ന പ്രയോഗം കൗതുകകരമാണ്; അത് വജ്രങ്ങളുടെ സാങ്കേതികത്വത്തെ സംബന്ധിച്ചുള്ളതാണ്. "ചെറിയ ചെറിയ ഉൾക്കൊള്ളിക്കലുകൾ" (വെരി വെരി സ്മാൾ ഇൻക്ളൂഷൻസ്) എന്നർത്ഥം വരുന്ന ഉന്നതമൂല്യമുള്ള വജ്രത്തിന്റെ ശുദ്ധിയെക്കുറിച്ചാണത്.

വദനാഭരണങ്ങൾ ധരിക്കുന്നത് ഇപ്പോൾ വളരെ തീവ്രമായ അവസ്ഥയിലാണ്: പല്ലുകളിൽ അത് ഘടിപ്പിക്കുന്നതിന് പകരം ഇപ്പോൾ ഒരു ദന്തവലയമായിത്തന്നെ അവ ധരിക്കുന്ന സ്ഥിതിയായിരിക്കുന്നു. പല്ലുകളെ മുഴുവൻ മറച്ച് വായ തുറക്കുമ്പോൾതന്നെ മിന്നുന്ന പ്രകടനങ്ങളായിരിക്കുന്നത്ര വലിപ്പമാണവയ്ക്ക്. പുതുതായി ഒരു ഗ്രിൽ വാങ്ങുന്നതിന് മുമ്പുതന്നെ പല്ലുകളുടെ ഒരു അച്ച് ഉണ്ടാക്കുന്നു. ഇത് ആവശ്യാനുസരണം അലങ്കാരാഭരണം നിർമ്മിക്കുന്നയാൾക്ക് കൊടുക്കുന്നു. അതിന്റെ നൂറുകണക്കിനുള്ള രൂപകല്പനകളുണ്ട്: പുതിയ 'ഡോനട്ട് ക്യൂബിക്ക് സിർക്കോണിയ സ്റ്റൈൽ' തൊട്ട് ബ്ലൂസ്റ്റോൺസ് പവെസെറ്റ് പോളിഷ്ഡ് ബോർഡർവരെ. സ്ത്രീകളുടെ സങ്കീർണ്ണമായ നഖങ്ങളുടെ രൂപകല്പനകളുടെ ആൺരൂപങ്ങളാണവ. ഇപ്പോൾ അവ അത്രയും വ്യാപകമല്ലെന്നേയുള്ളൂ. ആൺവായയുടെ മുൻകാല നിർവചനം 'ബീർ ഉള്ളിലേക്കൊഴിക്കുന്ന നാളിയിൽ കവിഞ്ഞൊന്നുമല്ല' എന്നതിൽനിന്ന് ബഹുദൂരം മുന്നോട്ട് പോകാൻ ഈ ദന്താഭരണങ്ങൾ കാരണമായി.

## നാവിന്റെ വൈവിധ്യം

പല്ലുകൾക്ക് പിറകിലാണ് ബഹുകൃത്യധർമ്മങ്ങളുള്ള നാവ്. ഈ അദ്ഭുതകരമായ നനുത്ത പേശികളുള്ള അവയവത്തിന് ഭക്ഷണം രുചിക്കാനും വീഞ്ഞ് രുചിക്കാനും, ചവയ്ക്കുന്നതിൽ സഹായിക്കാനും സ്റ്റാമ്പുകൾ നക്കാനും,

വാക്കുകൾ സ്ഫുടം ചെയ്യാനും, വായ വൃത്തിയാക്കാനും, പരുക്കൻമുദ്രകൾ കാണിക്കാനും, പുരുഷലിംഗത്തേക്കാൾ വേഗത്തിൽ സ്ത്രീപങ്കാളികളെ രതിമൂർച്ഛയിലെത്തിക്കാനും കഴിയും. ഒരു പ്രത്യേകതരത്തിൽ നാക്കിന്റെ ഉപരിതലത്തിൽ ഏകദേശം പതിനായിരം രസമുകുളങ്ങൾ വിന്യസിക്കപ്പെട്ടിരിക്കുന്നു. നാക്കിന്റെ അറ്റംകൊണ്ട് നാം ഉപ്പുരസവും മധുരവും രുചിക്കുന്നു; വശങ്ങൾകൊണ്ട് പുളിയും അമ്ലവും പിൻഭാഗംകൊണ്ട് കയ്പും രുചിക്കുന്നു. പുളിയും കയ്പും വായയുടെ മുകൾഭാഗംകൊണ്ടും ഉപ്പും മധുരവും തൊണ്ടയുടെ മുകൾ ഭാഗത്തും രുചിക്കാം.

നല്ല ഭക്ഷണം നാം ആസ്വദിച്ച് കഴിക്കുന്നു. ഒരു വിഭവത്തിന്റെ സൂക്ഷ്മമായ വ്യത്യാസങ്ങൾ കണ്ടുപിടിച്ച് മനസ്സിലാക്കി, അതിനെ ഒരു കലയാക്കിമാറ്റിയ ഭക്ഷണവിദഗ്ദ്ധന്മാരുണ്ട്. തങ്ങളുടെ രുചിവ്യത്യാസങ്ങൾ മനസ്സിലാക്കുന്നതിന്നുള്ള കഴിവ് നഷ്ടപ്പെടുന്നത് ഭീഷണമായ അവസ്ഥയാണ്. അത്തരമൊരു കാലക്കേട് സംഭവിക്കാതിരിക്കാൻ ചിലർ തങ്ങളുടെ നാവുകൾ ഇൻഷ്വർ ചെയ്യാറുണ്ട്. (ഹംഗറിയിൽ ജനിച്ച, ഇംഗ്ലണ്ടിലേയും അയർലൻഡിലേയും റെസ്റ്റോറന്റുകളിലെ ഭക്ഷണത്തെക്കുറിച്ച് ഒരു പ്രസിദ്ധപരമ്പര പ്രസിദ്ധീകരിച്ച) ഭക്ഷണവിമർശകൻ ഈഗോൺ റോനെ തന്റെ രുചി മുകുളങ്ങൾ 2,50,000 ബ്രിട്ടീഷ് പൗണ്ടി(ഏകദേശം 175 ലക്ഷം ഉറുപ്പിക)ന്നാണ് ഇൻഷ്വർ ചെയ്തത്. ബ്രിട്ടീഷ് ടെലിവിഷനിൽ പാചകവിദഗ്ദ്ധനായ ആന്റണി വോറാൽ തോംസൺ അഞ്ച്ലക്ഷം ബ്രിട്ടീഷ്പൗണ്ടി (ഏകദേശം മൂന്നരകോടി ഉറുപ്പിക)നാണ്, തന്റെ രസമുകുളങ്ങൾ ഇൻഷ്വർ ചെയ്തത്. അതിവിദഗ്ദ്ധനായ ഒരു ബ്രിട്ടീഷ് വീഞ്ഞ് രുചിക്കാരൻ, ഞെട്ടിപ്പിക്കുന്ന സംഖ്യയായ ഒരുകോടി പൗണ്ടി (ഏകദേശം എഴുപതു കോടി ഉറുപ്പിക) നാണ് തന്റെ രസമുകുളങ്ങൾ ഇൻഷ്വർ ചെയ്തത്.

പുരാതനകാലത്തെ, കിരാതമായ ശിക്ഷാവിധിയായിരുന്ന നാക്കുമുറിക്കൽ ഇപ്പോൾ ഗൗരവതരമായ ഒന്നല്ലെന്നതിന് ഈ നാക്ക് വിദഗ്ദ്ധർ നന്ദിയുള്ളവരായിരിക്കണം. പുരാതനറോമിൽപോലും വളരെ അപൂർവ്വമായി നടപ്പാക്കിയിരുന്ന ശിക്ഷാവിധിയായിരുന്നു ഇത്. ഒരു ഒറ്റുകാരന്റെ നാക്ക് പിഴുതുകളയണമെന്ന് റോമിലെ കോൺസ്റ്റൻറൈൻ ചക്രവർത്തി കല്പന പുറപ്പെടുവിച്ചിരുന്നു. ഒരു കുലപതിയുടെ വധത്തിന് നാടുകടത്താൻ വിധിക്കപ്പെട്ട കൊലപാതകികളുടെ നാക്കുകൾ മുറിച്ചുനീക്കണമെന്ന് ലിയോ ഒന്നാമൻ (കത്തോലിക്ക് വിഭാഗത്തിന്റെ ആദ്യത്തെ 'മഹാനായ' പോപ്പ്; ഇറ്റാലിയൻ പ്രഭു) നിഷ്കർഷിച്ചിരുന്നു. പക്ഷേ, ഇതെല്ലാം ഒറ്റപ്പെട്ട സംഭവങ്ങളാണ്. 'ടൈറ്റസ് അൽഡ്രോണിക്കസ്' എന്ന തന്റെ ബീഭത്സനാടകത്തിൽ ഷെയ്ക്സ്പിയർ പുരാതനറോമിലെ ക്രൂരമായ നാക്ക് മുറിക്കുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ള വിശ്വാസം പരാമർശിക്കുന്നുണ്ട്. ഈ ക്രൂരശിക്ഷ നാടകത്തിലെ ഒരു പീഡിതന് വിധിക്കുന്നുണ്ട്, കൊള്ളിവാക്കുകൾ പറഞ്ഞുകൊണ്ട്, "നിന്റെ നാക്കുകൊണ്ട് സംസാരിക്കാൻ പറ്റുമെങ്കിൽ, പോയി പറയുക, ആരാണ് നിന്റെ നാക്ക് മുറിച്ചത്..."

ആധുനികകാലത്ത് ഇറാക്ക് പ്രസിഡന്റായിരുന്ന സദ്ദാം ഹുസൈന്റെ ക്രൂരനായ മകൻ ഉദയ് ഹുസൈൻ മാത്രമാണ് ഈ ശിക്ഷാവിധി അനുകൂലിച്ചിരുന്നതായി ആരോപിക്കപ്പെട്ട വ്യക്തി. ശിക്ഷയ്ക്ക് വിധേയരായത് അഞ്ച് നിർഭാഗ്യവാന്മാരായിരുന്നുവെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തങ്ങളുടെ പ്രസി




**Poorna Publications, Kozhikode**
TBS Building, G H Road, Kozhikode-1. Ph: 0495-2720085/86, 2721025
Br. KANNUR Ph: 0497-2713713 • KALPETTA Ph: 04936-203842
KOTTAYAM Ph: 0481-2585612 • THRISSUR Ph: 0487-2320776
THIRUVANANTHAPURAM Ph: 0471-2570504

ഡന്റിനെ നാവെടുത്ത് വിമർശിച്ച കുറ്റത്തിനായിരുന്നു സദ്ദാമിന്റെ പ്രത്യേക കമാൻഡോ യൂണിറ്റുകൾ നാവുകൾ ഛേദിച്ചത്.

രുചി, ഭക്ഷണം, നക്കൽ ജോലികൾക്ക് പുറമെ മനുഷ്യന്റെ നാവ് നിരവധി ദൃശ്യസന്ദേശങ്ങളും പകരുന്നു. ഇവ പ്രാഥമികമായി രണ്ട് ശൈശവവദനചലനങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ്: വേണ്ടത്ര മുലപ്പാൽ കുടിച്ചുകഴിഞ്ഞാൽ മുലക്കണ്ണ് നിരസിക്കുന്ന കർക്കശമായി പുറത്തേക്ക് തള്ളിനില്ക്കുന്ന കുഞ്ഞിന്റെ നാവ്, നാക്ക് ചുഴറ്റി മുലക്കണ്ണന്വേഷിക്കുന്ന ശിശുവിന്റെ നാവ് എന്നിവയാണവ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ തള്ളുന്ന നാവും സന്തോഷം തേടുന്ന നാവും. സാധാരണയായി മറഞ്ഞുനില്ക്കുന്ന നാവിന്റെ ഈ രണ്ട് ധർമ്മങ്ങളാണ് മുതിർന്നവർ പ്രകടിപ്പിക്കുന്നത്. ഏതെങ്കിലും വ്യക്തിപരമായ കൃത്യത്തിൽ ഏകാഗ്രചിത്തനായിരിക്കുന്ന, ആരും ശല്യപ്പെടുത്തരുതെന്നാഗ്രഹിക്കുന്ന പുരുഷൻ നാവ് പുറത്തേക്കിട്ട്, 'തിരക്ക്, മാറിനില്ക്കൂ' എന്ന് സൂചിപ്പിക്കുന്നു. പരസ്യമായി പരുക്കൻസ്വഭാവം കാണിക്കുന്ന പുരുഷന്മാരും നാക്ക് പുറത്തേക്കിട്ട് നിരാകരണമുദ്ര പ്രകടിപ്പിക്കുന്നു. ഇതിന് വിരുദ്ധമായി കാമാതുരനായ, ലൈംഗികബന്ധസൂചന നൽകുന്ന പുരുഷൻ, നാവ് പുറത്തേക്കിട്ട് ചുഴറ്റി, അന്വേഷിക്കുകയും, പര്യവേക്ഷണം നടത്തുകയും ചെയ്യുന്ന ശൈശവസ്വഭാവം പ്രദർശിപ്പിക്കും.

ഇതിനുപുറമേ, നാക്കിനെ പുരുഷലിംഗത്തിന്റെ അനുകരണമായി കാണുന്ന ശക്തമായ ശരീരപ്രതീകാത്മകതയുമുണ്ട്. അശ്ലീലമായ വദനചേഷ്ടകളിലൂടെ നാവിനെ പുരുഷലിംഗത്തിന്റേയും ചുണ്ടുകളെ യോനിയുടേയും പ്രതീകമാക്കുന്നു. തുറന്നുപിടിച്ച ചുണ്ടുകളിലൂടെ, നാവ് മെല്ലെ പുറത്തേക്ക് തള്ളി, പലതവണ ആവർത്തിക്കുന്ന സംയോഗസൂചകമായ ലൈംഗികചേഷ്ടകളുമുണ്ട്. തെക്കെഅമേരിക്കയിൽ പാതി തുറന്ന വായിലൂടെ സാവധാനത്തിൽ നാവ് രണ്ട് വശങ്ങളിലേക്കും ചലിപ്പിക്കുന്ന ലൈംഗികക്ഷണമുദ്രകളും പുരുഷന്മാർ പ്രകടിപ്പിക്കുന്നു.

വായകൊണ്ട് നാം പ്രകടിപ്പിക്കുന്ന ഏറ്റവും കൗതുകകരമായ കാര്യമാണ് കോട്ടുവായിടൽ. ക്ഷീണിക്കുമ്പോഴോ മുഷിഞ്ഞിരിക്കുമ്പോഴോ, നാം താടിയെല്ലുകളകറ്റി ദീർഘമായി ഉഛ്വസിക്കുന്നു. ഒരാൾ ചെയ്യുന്നത് മറ്റൊരാൾ കണ്ടാൽ, അയാൾക്കും അതാവർത്തിക്കാതിരിക്കാൻ കഴിയില്ല. കൂട്ടത്തിലിരിക്കുമ്പോൾ എല്ലാവരും കോട്ടുവായിടുകയും കൈകൊണ്ട് വായ പൊത്തുകയും ചെയ്യുന്നു. എന്താണിതുകൊണ്ടർത്ഥമാക്കുന്നത്? ആർക്കും യഥാർത്ഥത്തിൽ അറിയില്ലെന്നതാണ് സത്യം.

## ദുർഘടമായ നിഗൂഢത

പല ഊഹങ്ങളുമുണ്ട്. ഉള്ളിലേക്ക് വായു വലിച്ചെടുക്കുന്നതാണ് എന്ന നിർദ്ദേശത്തിന് പ്രസക്തിയില്ല. കാരണം വെള്ളത്തിൽ മത്സ്യങ്ങളും കോട്ടുവായിടുന്നു. പക്ഷികൾ ചേക്കേറുന്നതിന് മുമ്പുള്ള വിശ്രമത്തിന് തയ്യാറെടുക്കുന്നതുപോലുള്ള ഒന്നാണിതെന്ന സൂചനയ്ക്ക് സാദ്ധ്യതയുണ്ട്. അങ്ങനെ നോക്കിയാൽ കോട്ടുവായിടുന്നത് ഒരു ദൃശ്യപ്രകടനമാണ്, കോട്ടുവായിടുന്നയാൾ ഉറങ്ങാൻ തുടങ്ങുകയാണെന്നതിന്റെ, അപ്പോൾ അത് മറ്റുള്ളവരിലേക്ക് പകരുന്ന രീതിക്ക് സാദ്ധ്യതയുണ്ട്. പക്ഷേ, നിർഭാഗ്യവശാൽ, ഒറ്റപ്പെട്ട മൃഗങ്ങളും കോട്ടുവായിടും; അതിനാൽ മറ്റെന്തെങ്കിലും വിശദീകരണം വേണ്ടിവരും. അതൊരു വിശേഷവൽകൃതമായ, നെഞ്ചിലേയും മുഖത്തേയും പേശികളുടെ വലിഞ്ഞുനിവരൽചലനമാവുമോ? ശരീരത്തിന്റേയും കൈകാലുകളുടേയും മൂരിനിവരലും ഇതോടൊപ്പം നടക്കാറുണ്ട്. ഹൃദയമിടിപ്പിന് അല്പം വേഗത കൂട്ടി തലച്ചോറിലേക്ക് കൂടുതൽ രക്തചംക്രമണം വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് അന്തിമഫലം. ഇതൊരു പൂർണ്ണമായ വിശദീകരണമോ ഉത്തരമോ ആവുന്നില്ല. അതിനാൽ കോട്ടുവായിടുന്നതിന്റെ ദുർഘടമായ നിഗൂഢത അങ്ങനെതന്നെ നില്ക്കുന്നു.

കോട്ടുവായിടുമ്പോൾ ആളുകൾ കൈകൊണ്ട് വായ പൊത്തുന്നത് അത്ര വലിയ നിഗൂഢതയല്ല. മര്യാദയുടെ പേരിൽ വായയുടെ അന്തർഭാഗങ്ങൾ വെളിയിൽ പ്രദർശിപ്പിക്കാതിരിക്കാനാണിത്. ആധുനികദന്തചികിത്സ തുടങ്ങുന്നതിന് മുമ്പ് പലർക്കും വായിൽ കറുത്ത തേഞ്ഞ കുറ്റിപ്പല്ലുകളുണ്ടായിരുന്നു. ഇതൊരു വിശ്വാസയോഗ്യമായ വസ്തുതയാവാം. പക്ഷേ, തെറ്റാണ്. വായ വിശാലമായി തുറന്നുപിടിച്ചാൽ അതിൽകൂടി ആത്മാവ് പുറത്തേക്ക് കടക്കുമെന്ന പുരാതനകാലത്തെ വിശ്വാസവുമായി അതിന് ബന്ധമുണ്ടെന്നതാണ് സത്യസന്ധമായ വിശദീകരണം. കോട്ടുവായിടുമ്പോൾ വായ മൂടുന്നതിന്റെ ഉദ്ദേശം പുറത്തേക്ക് സ്ഥിരമായി കടന്നേക്കാവുന്ന ആത്മാവിനെ തടഞ്ഞുനിർത്തുകയായിരുന്നു. തുറന്നുപിടിച്ച വായിൽക്കൂടി ദുഷ്ടശക്തികൾ ഉള്ളിലേക്ക് കടക്കുന്നത് തടയുകയെന്നതും മറ്റൊരു ലക്ഷ്യമായിരുന്നു. വായ തുറന്നുപിടിക്കുന്നത് പിശാചിന്റെ തന്ത്രമാണെന്ന് ചില മതവിഭാഗങ്ങൾ കരുതിയിരുന്നു: അവർ കൈകൊണ്ട് വായ മൂടുന്നതിന് പകരം വിരലുകൾ വായയുടെ മുമ്പിൽ കഴിയുന്നത്ര ഉച്ചത്തിൽ ഞൊടിച്ചു. ദുഷ്ടശക്തികളെ പേടിപ്പിക്കാനായിരുന്നു ഇത് ചെയ്തത്. തെക്കൻയൂറോപ്പിലെ ചില ഭാഗങ്ങളിൽ, കോട്ടുവായിടുമ്പോൾ ക്രിസ്ത്യാനികൾ കുരിശടയാളം വരയ്ക്കാറുണ്ട്.

കോട്ടുവായിടാത്തപ്പോൾ വായ മൂടുന്നതിന് പല തത്ത്വങ്ങളുമുണ്ട്. ചിലപ്പോൾ സംഭാഷണവേളകളിൽ ചിലർ കൈകൊണ്ട് വായ മൂടാറുണ്ട്. ഭാഗികമായി കൈയുയർത്തി വായ മൂടുന്നതിന്റെ സൂചനയും കാണിക്കാറുണ്ട്. ഇതൊരു മറച്ചുവെക്കലാണ്, പ്രതീകാത്മകമായും യഥാർത്ഥമായും. മറ്റുള്ളവരിൽനിന്ന് മറച്ചുവെക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇങ്ങനെ വായ പൊത്തി സംസാരിക്കുന്നത്. അതൊരു രഹസ്യത്തിന്റേയോ വഞ്ചനയുടേയോ ഒഴികഴിവിന്റേയോ സൂചന നൽകുന്നു. വായിൽനിന്ന് ചുണ്ടിലൂടെ പുറത്തുവരാവുന്ന വാക്കുകളെ തടയാനുള്ള സൂചനയായാണ് കൈ വായയുടെ അടുത്തേക്ക് നീങ്ങുന്നത്. അങ്ങനെ സംസാരിക്കുന്ന ഒരാൾ ശത്രുതയോടെയാണത് ചെയ്യുന്നത് എന്ന് കരുതുന്നത് തെറ്റാണ്. നിങ്ങൾക്ക് വേദനാജനകമായേക്കാവുന്ന ഒരു കാര്യം മറച്ചുപിടിക്കുകയാവാം ഉദ്ദേശിക്കുന്നത്. ■

തുടരും